# ധ്വനി 2020



# ആശംസ

ഐടി  കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ വളരെ ഭംഗിയായി നടത്തിവരുന്നതിൽ അതീവസന്തോഷമുണ്ട്.അതിന്റെ ഭാഗമായ ഡിജിറ്റൽ മാഗസിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

**ഷാലിടീച്ചർ**

**ഹെഡ് മിസ്ട്രസ്**

# ആശംസ

ശതാബ്ദിയുടെ നിറവിൽ നിൽക്കുന്ന മുപ്ലിയം ഗവ.ഹയർസെക്കന്ററി സ്കുൾ അന്താരഷ്ടനിലവാരത്തിലേക്ക് ഉയർന്നു കൊണ്ടിരിക്കുകയാണ്.ഡിജിറ്റൽ മാഗസിൻ അതിനൊരു ഉദാഹരണം മാത്രം സാങ്കേതിക വിദ്യയെ വിരൽ തുമ്പിൽ സ്പർശിക്കുന്ന ഈ സംരംഭത്തിന് എന്റെ എല്ലാ വിജയാശംസകളും നേരുന്നു.

എന്ന്

ശ്രീ.ഷാബു

പി.ടി.എ പ്രസിഡണ്ട്

# ആമുഖം

ജി.എച്ച്.എസ്.എസ്. മൂപ്ലിയം സ്കൂളിലെ "ലിറ്റിൽ കൈറ്റ്സ് " സജീവമായി പ്രവർത്തിച്ചുവരുന്നു.അതിവേഗം വളർന്നുകൊണ്ടിക്കുന്ന വിവരവിനിമയ സാങ്കേതികരംഗത്ത് പരിശീലനം സ്ക്കൂൾ തലത്തിൽ തന്നെ നേടാൻ കഴിയുന്നത് നേട്ടം തന്നെയാണ്. അതിന് പ്രാപ്തരാ-ക്കുന്ന പ്രവർത്തനങ്ങളാണ് ഇതിലുള്ളത്. 'ഡിജിറ്റൽ മാഗസിൻ' അതിനൊരുദാഹരണം മാത്രം.കുട്ടികളിലെ സാഹിത്യവാസനകളെ വളർത്തുകയും ഒപ്പം സാങ്കേതിക വിദ്യരംഗത്ത് പ്രാഗൽഭ്യം നേടാനും ഇതിലൂടെ സാധിക്കുന്നു. മലയാളംടൈപ്പിംങ്ങ് ,അനിമേഷൻ,ഫോട്ടോ എഡിറ്റിംഗ് എന്നിവയിൽ പ്രാവീണ്യം നേടിയ കുട്ടികൾ തയ്യാറക്കിയ "*ധ്വനി 2020*" നിങ്ങളുടെ മുമ്പിൽ സാദരം സമർപ്പിക്കുന്നു.

# എഡിറ്റോറിയൽ

കുട്ടികളുടെ സർഗാത്മകവും സാങ്കേതികപരവുമായ കഴിവുകളെ തിരിച്ചറിഞ്ഞ്, അത് വളർത്തിയെടുക്കാൻ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണ് LITTLE KITES.

ജി എച്ച് എസ് എസ് മൂപ്പിയം ലിറ്റിൽ കൈറ്റസ് അവതരിപ്പിക്കുന്ന മാസികയാണ് "***ധ്വനി 2020***". ലിറ്റിൽ കൈറ്റസ് മെമ്പർമാരുടെ അശ്രാന്ത
പരിശ്രമമാണ് ഈ മാഗസിന് പിന്നിൽ.



Cheif Editor : SHINE M S

# പലനാൾ കള്ളൻ ഒരുനാൾ പിടിയിൽ

ഒരിടത്ത് ഒരിടത്ത് രണ്ട് കൂട്ടുക്കാർ ഉണ്ടായിരുന്നു.അക്കുവും ഇക്കുവും. അക്കു കുറുമ്പനായിരുന്നു.ഇക്കു നല്ലകുട്ടിയുമായിരുന്നു.അവൻ കുറുമ്പു കാണിക്കുമ്പോൾ ഇക്കു സങ്കടത്തോടെ അവനെ തിരുത്താൻ എപ്പോഴും ശ്രമിച്ചിരുന്നു.പക്ഷേ അവൻ ഇത് ഒന്നും കേട്ടിരുന്നില്ല. അപ്പോൾ ഇക്കുവിന് വിഷമമായി. കൂട്ടുക്കാരുടെ ബാഗിലെ പേനയും പെൻസിലും മോഷ്ടിക്കുന്നത് അക്കുവിൻെറ ശീലമായിരുന്നു. ഇക്കുവിനെ അത് ഏറെ വിഷമിപ്പിച്ചു.അവൻ പറഞ്ഞു"മോഷണം വലിയ തെററാണ്".ഈ  ചെറിയ കളവു ചെയ്തു പഠിച്ചാൽ നീ വലിയ മോഷ്ടാവായി മാറും.അതുകൊണ്ട് ഈ ശീലം മാറണം. പക്ഷേ അക്കു അതൊന്നും ശ്രദ്ധിച്ചില്ല.

ഒരുദിവസം രണ്ടുപേരും കൂടി ചന്തയിലേക്ക് സാധനങ്ങൾ വാങ്ങാൻ പോയി.അക്കു അവിടെ ഉണ്ടായ വലിയ വിലകൂടിയ സാധനം എടുത്തു അവൻെറ ബാഗിൽ ഒളിപ്പിച്ചു.ക്യമറയിലൂടെ ഇത് കണ്ടിരുന്ന ഉടമസ്ഥൻ അവനെ പിടികൂടി.കുതറിയോടിയ അക്കുവിനെ സെക്യൂരിററി ഓടിച്ചിട്ടു പിടിച്ചു.അവനെ നല്ലവണ്ണം അടിച്ചു.പോലീസിനെ ഏല്പിക്കാൻ ഒരുങ്ങി.ഉടമയുടെ കാലുപിടിച്ചു കൊണ്ട് ഇക്കു പറഞ്ഞു : ദയവു ചെയ്ത്ക്ഷമിക്കണം.അറിവില്ലായ്മ കൊണ്ടാണ്. മാപ്പ് തരണം. ഇക്കുവിൻെറ കരച്ചിൽ കേട്ട് ഉടമക്ക് അലിവുതോന്നി. പോലീസിനെ വിളിക്കണ്ട എന്ന് തീരുമാനിച്ചു.അയാൾ അക്കുവിനോട്

പറഞ്ഞു,ഈ കൂട്ടുക്കാരന്റെ കരച്ചിലാണ് നിന്നെ രക്ഷിച്ചത്.മേലാൽ ഇങ്ങനെ ആവർത്തിച്ചാൽ നിന്നെ പോലീസിൽ ഏല്പിക്കും ഓർത്തോ! അവനെപ്പോലെ നല്ല കുട്ടിയായി ജീവിക്ക്.അക്കുവിന് മനംമാററമുണ്ടായി. ഇക്കുവിനെ കെട്ടിപ്പിടിച്ചുക്കൊണ്ട് പറഞ്ഞു. ഇനി ഞാൻ മോഷ്ടിക്കില്ല.സത്യം.ഇക്കുവിന് സന്തോഷമായി.

# പ്രിൻസും ആഗ്രഹവും

ഒരിടത്ത് ഒരു രാജാവും രാജ്ഞിയും ഉണ്ടായിരുന്നു.അവർക്ക് ഒരു കുഞ്ഞുറാണി ഉണ്ടായിരുന്നു.അവളുടെ പേര് പ്രിൻസ് എന്നായിരുന്നു. അവൾ വികൃതിയും മനോഹരിയുമായിരുന്നു.അവൾക്ക് ഒരു ഓമന പേരുണ്ട്.അത് അമ്മു എന്നായിരുന്നു.അവളുടെ അച്ഛൻ എപ്പോഴും അവളെ അമ്മു എന്നാണ് വിളിക്കുന്നത്.അവൾ പഠനത്തിൽ മികവു കാണിച്ചിരുന്നു.പഠിച്ച് നല്ല ഒരു ഡോക്ടർ ആകണം എന്നായിരുന്നു അവളുടെ ആഗ്രഹം.പിന്നെ ഒരു കാര്യവുമുണ്ട്.അവൾക്ക് സൗജന്യചികിത്സ നൽകുന്ന ഡോക്ടർ ആകണമെന്നാണ്.പാവപ്പെട്ട ആളുകളെ ചികിത്സിക്കാനാണ് കൂടുതൽ താത്പര്യം.പിന്നീട് അവൾ തന്റെ ആഗ്രഹം പോലെ ഒരു ഡോക്ടർ ആയി.

# അഹങ്കാരിയായ മരത്തിന്റെ കഥ

ഒരു കാട്ടിൽ അഹങ്കാരിയായ മരമുണ്ടായിരുന്നു. ആ മരം ചെറിയ മരമായിരുന്നു.അതിന് വലുതാവാൻ ഇഷ്ടമായിരുന്നു.ആ മരത്തിന്റെ പേര് നോലുയെന്നായിരുന്നു.അവന്റെ അടുത്ത് കുറെ വലിയ മരങ്ങളുണ്ട്.അവരോട് അവൻ തന്റെ ചെറിയ ചില്ലകളെ കുറിച്ച് കുറ്റം മാത്രം പറയുമായിരുന്നുള്ളൂ.ഒരു ദിവസം അവന്റെ അടുത്തുള്ള-വരെ മനുഷ്യർ വെട്ടികൊണ്ടുപോയി.അത് അവന് സഹിക്കാൻ കഴിഞ്ഞില്ല.

കാലങ്ങൾ കഴിഞ്ഞു പോയി.അവൻ ഉയരംവെച്ച് തുടങ്ങി അങ്ങനെ അവൻ വലുതായി.അപ്പോൾ ചില മനുഷ്യർ വന്ന് അവന്റെ ചില്ലകളിൽ 'p'എന്ന് എഴുതി.കുറച്ചു കഴിഞ്ഞപ്പോൾ അവനെ അവർ വെട്ടി കൊണ്ടുപ്പോയി. അതിനെ പലതരം സാധനങ്ങൾ ഉണ്ടാക്കി. അവന്റെ ബാക്കിയുള്ള ചില്ലകൾ ഒരു ഇരുട്ട് മുറിയിലേക്ക് കൊണ്ടിട്ടു. വിറകിന് ആവശ്യം വന്നപ്പോൾ അവനെ അവർ കത്തിക്കാൻ എടുത്തു. അപ്പോൾ ഒരു വൃദ്ധൻ പറഞ്ഞു: "ഇത് ഞാൻ നട്ട മരമാണ് ഇത് നിങ്ങൾ എനിക്കു തരണം”.അവർ അവനെ കൊടുത്തു.അവനെ കൊടുക്കുമ്പോൾ വൃദ്ധനോട് കുട്ടികൾ ചോദിച്ചു എന്തിനാണ് നിങ്ങൾ മരങ്ങൾ വെച്ചുപ്പിടിപ്പിക്കുന്നത് ?

വൃദ്ധൻ പറഞ്ഞു:-

"മരങ്ങൾ വെച്ചുപിടിപ്പിച്ചാൽ ഭുമിയെ സംരക്ഷിക്കാം"

എന്ന് പറഞ്ഞ് വൃദ്ധൻ തന്റെ മരത്തെ എടുത്തുകൊണ്ടു പോയി.
അപ്പോഴാണ് മരത്തിന് മനസ്സിലായത് അഹങ്കാരം
നമ്മെ ചീത്ത വഴിയിലേക്കാണ് പറഞ്ഞു വിടുന്നത്.

# പ്രാദേശിക ചരിത്ര രചന _മുപ്ലിയം

**ആമുഖം**

**പ്രാദേശിക ചരിത്ര രചന ഒരു പ്രാദേശത്തിന്റ പ്രാദേശികമായ പ്രത്യേകതകളുടേയും ആ പ്രദേശത്ത് നിലനിന്നിരുന്ന സംസ്കാരങ്ങളുടേയും കുറിച്ച് വെളിച്ചം വീശുന്നതിലേയ്ക്ക വളരെയധികം സഹായിക്കുന്നു . ആ പ്രദേശത്തെ പഴയകാല വിദ്യാഭ്യാസ്ഥാപനങ്ങളുടേയും , കാർഷികവ്യതി_ യുടേയും  തനതുസംസ്കാരത്തേയും ജീവിതരീതിയേയും എല്ലാം കുറിച്ച പറയുന്നു**

# എന്റെ ഗ്രാമം

എന്റെ ഗ്രാമം അത് എല്ലാവർക്കും ഒരു സ്വത്തുതന്നെ യാണ്  ഒരു അഹകാരമാണ് എന്റെ ഗ്രാമം
മുപ്‌ളിയം എത്ര സുന്ദരിയാണവൾ മലകളും  പുഴകളും എല്ലാം നിറഞ്ഞ് പ്രകൃതിരമണീയത
നിറഞ്ഞ ഒരു ഗ്രാമം മുപ്ലിയത്തിന്റെ ഭൂപരമായ കിടപ്പിനെ ഇങ്ങനെ അയാളപ്പെടുത്താം തൃശ്ശൂർ
ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ വരന്തരപ്പിള്ളി ഗ്രാമപശ്ചായത്തിൽ സ്ഥിതിച്ചെയ്യുന്ന ഒരു

മലയോര പുഴയോര ഗ്രാമം വിസ്ത്തീർണ്ണം ഏകദേശം  പത്ത് ചതുരശ്രകിലോമീറ്റർ .ഇഞ്ചക്കുണ്ട് വേലൂപ്പാടം വരന്തരപ്പിള്ളി വാസുപുരം നൂലുവള്ളി എന്നിവയാണ് അയൽ ദേശങ്ങൾ

ഓരോ സമൂഹത്തിനും അതിന്റേതായ ചരിത്രാമുണ്ട് നമ്മൾ
ജീവിക്കുന്ന ഈ സമൂഹത്തിനും ദേശത്തിനും അതിന്റേതായ ചരിത്രം ഉണ്ടാകാതെ വയ്യ ഇത്
മുപ്ലിയത്തിന്റെ ചരിത്രമാണ്.

# പേര് വന്ന വഴി

ഗ്രാമങ്ങളുടെ പേരിൽ നിന്നും ചില ചരിത്ര പ്രധാനമായ കാര്യങ്ങൾ പോലും അറിയാൻ പ്രയാസമുണ്ടാകില്ല

മുല്ലിയത്തിനും ഇത് ബാധക- മാണ് മുല്ലിയത്തിന്റെ സ്ഥലനാമചരിത്രത്തിന് അഞ്ച് വാകഭേതങ്ങളുണ്ട് ഒന്നാമത്തേത്  മുപാളയം പരിണമിച്ച മുല്ലിയമായി മുല്ലിയം മൂന്ന് നായർ പടത്തലവന്മാരുടെ  പാളയമാ ണത്രേ കല്ലാറ്റ നായർ പെരുമ്പറപ്പ് നായർ കോതേഗലം നായർ എന്നി പടനായകന്മാർ ഏറനാട് പ്രഭുക്കന്മാരായ കാർത്താക്കന്മാരുടെ കീഴിൽ പാളയമടിച്ച് കളരി അഭ്യസിച്ചിരുന്നതായി കരുതപ്പെടുന്ന രണ്ടാമത്തേത് ജന്തുശാസ്ത്രപരമായ നിഗമനമണ് മുപ്പല്ലികളുടെ അഥവ ഇഴ ജന്തുകളുടെ ആവാസ്യകേന്ദ്രമന്നറിയപ്പെട്ടുന്ന മുപ്പല്ലകളുടെ അളം അഥവാ പ്രദേശം മുല്ലിയമായി മുല്ലിയത്തെ മുനിയാട്ടു കുന്നിന്റെ ഉച്ചിയിൽ നിന്നാൽ വടക്കുഭാഗത്ത് പുഴയുടെ മൂന്ന് കഷ്ണങ്ങൾ കാണാം .അതിൽ നിന്ന് മുപ്പുഴയും എന്ന ശബ്ദമുണ്ടായി..അതിൽ നിന്ന് മുപ്പിയമുണ്ടായി. മൂന്ന്  പ്രളയങ്ങളെ അതിജീവിച്ച അളം എന്നിൽ നിന്ന് മുപ്രളയം എന്ന പേരുണ്ടായി അത് പരിണമിച്ച് മുല്ലിയമായി .ടിപ്പുവിന്റെപടയോട്ടകാലത്ത് ടിപ്പുവിന്റെ ആദ്യത്തെ

പാളയം ഇവിടെയായിരുന്നു എന്ന് അറിവുണ്ട് . അങ്ങിനെ മുപാളയം പരിണമിച്ച് മുപ്ലിയമായി

# മുനിയാട്ടുകുന്ന് -ആദിമ ഹരിത ശിരസ്സ്

കേരളത്തിലെ പല സ്ഥലങ്ങളിലും ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളെന്ന് നാം അഭിമാനിക്കുന്ന പ്രദേശങ്ങളേക്കാൾ പഴക്കമുള്ളതും ചരിത്രപ്രാധാന്യമുള്ളതും ആയ ഒന്നാണ് മുനിയറകൾ മഹാശിലാസ്മാരകങ്ങൾ എന്നറിയപ്പെടുന്ന ഇവ തൊപ്പിക്കല്ലുകളുടെയും നാന്നാങ്ങാടികളുടേയും വിഭാഗത്തിൽപ്പെടുന്നു .ഇവ മുപ്ലിയത്തും തമിഴ്നാട്ടിലെഅതിർത്തിയിലുള്ള ചിന്നാറിലും മുനിയറകളുടെ കുന്ന് .മുപ്ലിയത്തിന്റെ ആദിമഹരിതശിരസ്സ് .ഗ്രാമത്തിന്റെ ചരിത്രാതീത സ്മരണകളുണർത്തുന്ന അബോധമണ്ഡലം.കുന്നിലെ വിണ്ടുകീറിയ ചിന്നിചിതറിയ ശിലകൂടങ്ങൾ എന്തൊക്കെയോ നിശബ്ദമായി പറയുന്നു ധ്യാനിക്ക് പീഠമായി,കലാകാരാന് സർഗ്ഗപ്രചോദനമായി ,ദാർശിനികന് ഉൾകാഴ്ചയായി പരിവർത്തനങ്ങൾക്ക്നിത്യനിക്കസാക്ഷിയായി എന്ന് തുടങ്ങിയതാണ് ഈ മാനന സമാധി! ദീർഘചതുരാകൃതിയിലുള്ള ശിലാപാളികൾക്കൊണ്ട് പടുത്തതാണിവ മൂന്ന് വശവും അടച്ച് ഒരു വശം മാത്രം തുറന്ന് നാലടിയോളം ഉയരവും വീതിയും എട്ടടിയോളം നീളവും പുരാവസ്തു ഗവേഷകർ ഇവയ്ക്ക് 4500 വർഷങ്ങളേക്കാൾ പഴക്കമുള്ളതായി പറയുന്നു.സഹ്യപർവ്വതത്തിൽ നിന്ന്

പടിഞ്ഞാറോട്ട് നീണ്ട് നീണ്ട് പോകുന്ന ഒരു വാൽ ഭാഗമാണ് മുനിയാട്ടുകുന്ന് മുനിയാട്ടുകുന്നിന്റെ മുകളിൽ  നിന്നാൽ കിഴക്ക് ഉയർന്നുയർന്ന് നിലാകാശം തൊടുന്ന സഹ്യപർവ്വതം കാണാം മുന്ന് വശവും വെള്ളത്താൽ ചുറ്റപ്പെട്ട മുപ്ലിയം ഒരു ഉപദീപാണ് കച്ചേരിക്കടവ് മനയ് ക്കലക്കടവ്, തോട്ടുമുഖം കടവും,മുപ്ലിയം കടവും കടക്കാതെ പണ്ട്

വടക്കുപടിഞ്ഞാറൻ ദേശങ്ങളിലേയ്ക്ക് കടക്കാൻ കഴിയില്ല.

പ്രാദേശികചരിത്ര രചനയിൽ മുപ്ലിയം സ്കൂളിന്റെ ചരിത്രം വിസ്മരിക്കാവുന്നതല്ല .1909-ൽ കൊല്ലവർഷം 1939-ൽ പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയത്തിൽ

നാലരക്ലാസ്സുവരെയുള്ള പഠനമാണ് നിലനിന്നിരുന്നത്. 1949-

ജൂലൈ-4 മുതൽ ശ്രീ. എൻ വി. കൃഷ്ണവാര്യർ

അദ്ധ്യാപകനായി ഇവിടെ  പ്രവർത്തിച്ചിട്ടുണ്ട് . 1966-ൽസ്കൂൾ അപ്പർ പ്രൈയായും 1980-ൽ ഹൈസ്കൂളായും ഉയർത്തി.2004-ൽഹയ്യർസെക്കന്ററി അനുവദിച്ചു ഈ നൂറു വർഷത്തെ സ്കൂളിന്റെ പാരമ്പര്യം തന്നെയാണ് ഈ പ്രദേശത്തിന്

ഏറ്റവുമധികംസഹായിച്ചിട്ടുള്ളത് .

# മുപ്ലിയം പുഴ-ദേശത്തിന്റെ ജീവനാഡി

മുപ്ലിയത്തിന്റെ വടക്കുപടിഞ്ഞാറേ അതിരുകളിലൂടെവെള്ളിയരഞ്ഞാണം പോലെ ഒഴുകുന്ന മുപ്ലിയംപുഴ.തെക്കേ അതിരുകളിലൂടെ ഒഴുക്കുന്നവലിയ തോട് .പുഴ നമ്മുടെ ഭാഷാ ശൈലിയും ജീവിതശൈലിയും നിറഞ്ഞ സാനിധ്യം .സിന്ധു ഗംഗ നദീതടത്തോളമില്ലെക്കിലും ഒരു മുപ്ലിയം നദിതടസംസകാരം ഇവിടെയുണ്ടായിരുന്ന ജലവനീതമായതിനാൽ സമീപപ്രദേശങ്ങളെ അപേക്ഷിച്ച് ആധുനിക പരിഷ്ക്കൃതി വള്ളരേ വൈകിയാണ് മുപ്ലിയത്തേക്ക് എത്തിയത് വർഷത്തിൽ കവിഞ്ഞും വേനലിൽ അവിഞ്ഞും ഒഴുകുന്ന പുഴയിൽ നിന്ന് പ്രകൃതിയുടെ സമൃദ്ധിയും വറുതിയും നാം അറിയുന്നു.നമ്മുടെ സാഹസികതയുടെ കളരിയുടെ പുഴ.

# കാർഷിക വൃത്തി

മുല്ലിയം ഒരു കർഷകഗ്രാമമാണ് പ്രധാനമായു കൃഷിയാണ് ഇവിടുത്തെ ഉപജീവനമാർഗ്ഗം .നെൽകൃഷി,വാഴകൃഷി,പയുവർഗ്ഗങ്ങൾ,കിഴങ്ങ് വർഗ്ഗങ്ങൾ,പൂക്കൾകൃഷി,എന്നിവയുണ്ട് .ഈ പ്രദേശത്തെ പ്രധാന ആകർഷണം മുളകാടുകളാണ്.മുളകൊണ്ടുള്ള വൃത്യാസ്ഥ ഉപകരണങ്ങൾ നിർമ്മിച്ച് ഉപജീവനം കണ്ടെത്തുന്നു.മുല്ലിയം ഗ്രാമത്തിലെ കാർഷിക സഹകരണസംഘങ്ങൾ ഇവ വിപണനം ചെയ്യുന്നതിനുവേണ്ടി വളരെയധികം സഹായിക്കുന്നു ഓരോ തോടിനും അപ്പുറവും ഇപ്പുറവും പാഠങ്ങളാണ്.കൊട്ടുകൾ വെള്ളത്തിൽ നിന്നും ഉയർത്തി പാഠത്തേയ്ക്ക് വെള്ളം ഒഴുക്കുന്നവരേയും ചക്രം ചവിട്ടുകാരുടേയും വിയർപ്പിന്റെ മണമുള്ള പണിപാട്ടുകൾ വയലുകളെ കോരിത്തരിപ്പിച്ചിരുന്നു.നേരം വെളുക്കുന്നതിനുമുമ്പ് കുടമണികൾ കിലുക്കികൊണ്ട് കാളവണ്ടികളുടെ ഒരു നിര തന്നെ ചന്തയെ ലക്ഷ്യം വെച്ചുകൊണ്ട് പോകുന്ന കാഴ്ച്ച അതിമനോഹരമായിരുന്നു.

# ഞാനാണ് താരം

ഒരിടത്ത് ഒരു ടീച്ചറും കുട്ടികളും നടത്തുന്ന പരീക്ഷ. സബിന ടീച്ചർ കമ്പ്യൂട്ടർ മേശപ്പുറത്തുവച്ചു. ചുറ്റിലും നിൽക്കുന്ന കുട്ടികൾ എന്തൊ-ക്കെയോ പറയുന്നുണ്ട്.കമ്പ്യൂട്ടർ കാതോർത്തു. അവരുടെ സംഭാഷ-ണത്തിൽ നിന്ന് ഒരു കാര്യം പിടികിട്ടി.ഇന്ന് ക്ലാസിൽ ഞാനാണ് താരം. അയ്യോ......ആരാ കമ്പ്യൂട്ടറെ തള്ളുന്നത്. എനിക്ക് പേടിയായി. കമ്പ്യൂട്ടർ എങ്ങാനും താഴെ വീണാൽ കാര്യം തീർന്നു.എന്താണ് അവരുടെ പരിപാടി ഒരു എത്തും പിടിയും കിട്ടുന്നില്ലല്ലോ.

എന്തായാലും കാത്തിരിക്കുക തന്നെ. പെട്ടെന്ന് കമ്പ്യൂട്ടറിൽ ഒരു തെളിച്ചം വന്നു.തെളിയട്ടെ. ഈ വെളിച്ചത്തിൽ ഞാൻ എന്തു ചെയ്യുമെന്ന് കണ്ടോളൂ.നോക്കു കൂട്ടികളെ....ഈ വെളിച്ചത്തിൽ നിന്ന് തുടങ്ങുന്നതാണ് കമ്പ്യൂട്ടർ. ഇതുപോലെ കമ്പ്യൂട്ടറിൽ തന്നെ വെളിച്ചം വരുമോ ?എന്ന് ടീച്ചർ ചോദിക്കുന്നത് കേട്ടു. പിന്നെ ഒരു ബഹളമായിരുന്നു.കുട്ടികൾ ആവേശത്തോടെ കമ്പ്യൂട്ടറിലെമായാജാലം ചെയ്യാൻ ശ്രമിച്ചു. നടന്നില്ല.ഓ....ഈ പിള്ളേരുടെ ഒരു കാര്യം. കമ്പ്യൂട്ടർ എങ്ങനെ തുറക്കണമെന്ന് ഇവർ ക്കറിയില്ല. കമ്പ്യൂട്ടർ തുറക്കുന്നതും എങ്ങനെയാണ് എന്ന്പഠിച്ചുവല്ലോ? ഇനി കമ്പ്യൂട്ടറിന്റെ മറ്റൊരു കഴിവ് കണ്ടോളൂ! ടീച്ചർ കമ്പ്യൂട്ടർ തുറന്നുവച്ചിട്ടു പറഞ്ഞു. എന്തിനുള്ള പുറപ്പാടാണാവോ? സബിന ടീച്ചർ.കമ്പ്യൂട്ടർ തുറന്ന് എങ്ങനെയാണ് കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്യുന്നതിനെ കറിച്ചും ഗെയിംസ് കളിക്കുന്നതിനെക്കുറിച്ചും ടീച്ചർ കൂട്ടികളെ പഠിപ്പിച്ചു.

# ഭൂമിയുടെ അവസാനജീവന്റെ കഥ

പണ്ടുമുതലേ ഭുമിയുണ്ടായിരുന്നു.അതിനു സ്വന്തം എന്ന് പറയാൻ ആകെ അമ്മയായിമഴയും അച്ഛനായി കാററും സഹോദരങ്ങളായി വേനലും ,മഞ്ഞും,വായുവും മാത്രമായിരുന്നു.പിന്നീടാണ് ഭ്രമിക്ക് സ്വന്തം എന്നുപറയാൻ സുഹൃത്തുക്കളെ കിട്ടിയത്.അവരെല്ലാം മനുഷ്യരും,മൃഗങ്ങളും വൃക്ഷങ്ങളും ആയിരുന്നു.എല്ലാവർക്കും ഭൂമി തുല്യമായ സൗഭാഗ്യങ്ങൾ കൊടുത്തു.അത്എല്ലവാരും ഏറ്റുവാങ്ങി. കാലങ്ങൾ പിന്നിട്ടു.ഭുമിക്ക് മനുഷ്യരോടുള്ള വിശ്വാസം കുറഞ്ഞു തുടങ്ങി.ഒരു ദിവസം ഭൂമിയെ കാണാൻ അവന്റെ അമ്മ വന്നു.അവൻ അമ്മയോട് പറഞ്ഞു:-"അമ്മേ ഞാൻ മനുഷ്യർക്ക് എന്തെല്ലാം കൊടുക്കുന്നുണ്ട്.എന്നിട്ടും അവർക്ക് തൃപ്തിയാകുന്നില്ലല്ലോ."അമ്മയുടെ മറുപടി ഇപ്രകാരമായിരുന്നു."അറിയില്ല ഉണ്ണി.അടുത്ത പ്രാവശ്യം ഇതെ ദിവസം വരുവാൻ പറ്റുമോ ആവോ.എന്റെ കണക്കുകൂട്ടലുകൾ എല്ലാം പിഴച്ചു. പിന്നിട് വർഷങ്ങൾ കടന്നുപോയി. ഭൂമിയെ കീഴടക്കാൻ ശ്രമിക്കുന്നതിനുവേണ്ടി മനുഷ്യർ പുതിയ ജീവനില്ലാത്തവയെ ഉണ്ടാക്കി. ആരെ കൊല്ലുവാനാണോ.ഭൂമി എപ്പോഴും ചിന്തിക്കും.അച്ഛൻ വന്നു ഭൂമി അച്ഛനോട് ഇതിനെ പറ്റി

സൂചിപ്പിച്ചു.അച്ഛന്റെ ഭാഗത്തു നിന്നുള്ള ഉത്തരം ഇപ്രകാരമായിരുന്നു.ഈ മനുഷ്യർ നമ്മളെല്ലാവരെയും കൊല്ലുവാനുള്ള പുറപ്പാടാണ്. ഒന്നും അറിയില്ല. വരുന്നിടത്തുവച്ച് കാണാം എന്നു പറഞ്ഞ് അച്ഛൻ മറഞ്ഞുപ്പോയി. അന്നുരാത്രി ഭൂമി അതിഭയങ്കരമായ ഒരു സ്വപ്നം കണ്ടു .മനുഷ്യൻ നിർമ്മിച്ചത് പ്ലാസ്റ്റിക് ആണെന്നും അതുമൂലം തന്റെ സുഹൃത്തുക്കളായ മരങ്ങൾക്കും, ചെടികൾക്കും വളരാൻ തടസ്സമായി. മരങ്ങളും ചെടികളും ഇല്ലാത്തതുമൂലം പക്ഷികളുടെ വാസ ഉറവിടം നഷ്ടപ്പെടുന്നതായി ഭൂമി സ്വപ്നം കണ്ടു. ആ സ്വപ്നം യാഥാർ ത്ഥ്യത്തിലേക്ക് എത്തിച്ചേർന്നു. അവന്റെ അമ്മയുടെ വാക്കുകൾ ഓർത്ത ു കരയുകയാണ്.

കണക്കുക്കൂട്ടലുകൾ പിഴച്ചുവെന്ന് ശരിയാണ് .അമ്മവരുന്നത് വേനലിനടുത്തും അച്ഛൻ വരുന്നത് മഴക്കാലത്തുമാണ്. സുഹൃത്തുക്കളെ പലരെയും കൊന്നുതീന്നു.ബാക്കിയുള്ളവരെ കാണാൻ പോലും സാധിക്കുന്നില്ല.അങ്ങനെ ഭൂമി തന്റെ ജീവൻ ഈ ദുഷ്ടരായ മനുഷ്യർക്കു വേണ്ടി പാഴാക്കികളയുന്നു.ലക്ഷത്തിൽ നൂറുപേരിൽ പത്തുപേരെങ്കിലും നല്ലവരായതുകൊണ്ടാണ്,അവസാനത്തിൽപോലും ഭൂമി ഇപ്പോൾ നിലനിൽക്കുന്നത്.

# മണ്ണ്


മനുഷ്യർക്കിടയിലൊരു മതിലുപണിയുവാൻ
പൂപ്പനിനീർച്ചെടി പൊട്ടിമുളക്കുവാൻ
എന്തിനും ഏതിനും നീ,മണ്ണേ.
ഭൂമിദേവിതൻ മകളായ,സർവം സഹയായ മണ്ണ്.
അത്യാഗ്രഹത്തിൻെറ വസ്ത്രം ധരിച്ചൊരാ-
മർത്യർതൻചുവടുകൾ മാറിൽ പതിക്കുമ്പോൾ
ഞാൻ കേൾക്കുന്നു നിൻ പ്രാണവേദന,മണ്ണേ.
ഭൂമിദേവിതൻ മകളായ,സർവം സഹയായ  മണ്ണ്.
ദൈവത്തിൻ മക്കളും,കർഷകർ തന്നുടെ
സ്വപ്നങ്ങളാകുന്ന തൂമ്പയെടുത്തുനിൻ
ദേഹത്തു വീഴ്ത്തുന്ന മുറിവകളിലൂടെ ഞാൻ
കാണുന്നു നിൻെറ വിടർന്നൊരു പുഞ്ചിരി
ഭൂമിദേവിതൻ മകളായ,സർവം സഹയായ,മണ്ണ്.
ഭൂമിദേവിതൻ മകളായ സർവം സഹയായ
മണ്ണിൻെറ നെറ്റിയിൽ പാദം പതിച്ചു നാം
ഉയരുന്ന ,ഉയരുന്നു ഹിമാലയം വാനോളം
മണ്ണിനെ അറിയാതെ ..തൻ വേരുകളറിയാതെ
എന്തിനാണു നീ ഇത്രയും ധൂസര-
സങ്കൽപ്പലോകത്തിൽ ജീവിപ്പൂ മർത്യരേ?നമുക്ക്
സ്നേഹമാകുന്ന മണ്ണിൻെറ മാറത്ത്,
സത്യസൗന്ദര്യ പരിണയ ലോകത്ത്,
സ്നേഹവൈജയന്തി പാറിച്ചിടാം... സ്നേഹവൈജയന്തി പാറിച്ചിടാം..

# പഴഞ്ചൊല്ലുകൾ

1. ഒരുമ തന്നെ പെരുമ
2. മിണ്ടാപ്പൂച്ച കലമുടയ്ക്കും
3. ഒരു രാത്രിക്ക് ഒരു പകലുണ്ട്
4. ഉപ്പു തിന്നവൻ വെള്ളം കുടിക്കും
5. കുരയ്ക്കും പട്ടി കടിക്കില്ല
6. ചെരിപ്പിനൊത്ത് കാല്  മുറിക്കരുത്ത്
7. അധികമായാൽ അമൃതും വിഷം
8. കിട്ടാത്ത മുന്തിരി പുളിക്കും
9. വേണമെങ്കിൽ ചക്ക വേരിലും കയ്ക്കും
10. സദ്യ മറന്നാലും പട്ടിണ മറക്കില്ല
11. ആനവായിൽ അമ്പഴങ്ങ
12. കാര്യം കാണാൻ കഴുതക്കാലും പിടിക്കണം
13. വല്ലഭന് പുല്ലും ആയുധം
14. അൽപ്പന് ഐശ്യര്യം വന്നാൽ അർദ്ധരാത്രിയിലും കുടപിടക്കും
15. പുരകത്തുമ്പോൾ  വാഴ  വെട്ടരുത്
16. വേലിയിലിരുന്ന പാമ്പിനെ തോളത്ത് വെയ്ക്കരുത്
17. അന്ന വിചാരം മുന്ന വിചാരം
18. മടിയൻ മലചുമക്കും
19. അമ്മ മീശവെച്ചാൽ അമ്മാവനാവില്ല

# DIGITAL PAINTING





# UNFORGETTABLE DREAM

It was a pleasant sunday morning . Rahul was sitting in the balcony. Mother was frequently calling him but he was not responding. At last mother came to the balcony.She was quite angry she asked "what are you doing here , I have been calling you so long.Rahul told that he was just looking at the ants. Mother asked him what was so special about them.He explained that the ants live in unity and they carry their food to their home and share it with other ants.Whenever they saw food they informed their friends about it.He said'their unity is unimaginable'

While Rahul was telling about his curiosity ,his mother was thinking something Rahul asked what it was she started to tell a story.The protoganist was a young girl.Her village was in a serious crisis.once a x-Ray unit functioned in the village.It was a great help for all the people but when time passed most of the people began to be affected by cancer.It passed on to their offsprings also.The young girls mother had died due to cancer and their was a slightliest chance for her to be affected by the same.She and her friends helped the disease affected people provide food and care to them.They all worked as a union.The only dream of the girle was to became a doctor who could provide good treatment for her villagers without charging them any fees.Her family was poor when she was just 18 she

was married to a man who promised to allow her to continue her studies and he helped her to achieve her dream.

After 1 year in the medical college her studies were again disturbed.Her husbands buisness collapsed and he comitted suicide.

She was 2 months pregnant while her husband died.she had to struggle so hard.As she was educated she found job in a private company.The company was not so famous or reputed.she was not given any leaves. Until her pregnancy she worked and after her son was born within 1 month she joined her work. She made her son a good student he has good academic aswell as athletic excellence.They are now living happily. Mother stopped telling the story and asked him whether he knew this mother and child. Rahul had no idea. She said that it was her life story and the child was Rahul itself. Rahul thought about his mother's dream , he felt that it was for him that his mother give up her dream. Rahul took a strong decision that he well study well and became a doctor and fulfill what his mother was unable to do. The unforgettable dream of the mother turned out to be the goal of her son's life. Mother still keep this dream in her mind ...... she could never forget it.




# THANK YOU ALL